ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.01.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് രാഷ്ട്രപതി ദ്രൗപതി മുർമുവിൻറെ നയപ്രഖ്യാപന പ്രസംഗത്തോടെ തുടക്കമായി. കഴിഞ്ഞ ദശകത്തിൽ രാജ്യത്ത് 25 കോടി പൗരന്മാർ ദാരിദ്ര്യത്തിൽ നിന്ന് കരകയറിയതായി രാഷ്ട്രപതി

   The Budget Session of Parliament began with President Draupadi Murmu's policy statement. The President said that 25 crore citizens of the country have been lifted out of poverty in the last decade.

2. വിമാനാപകടത്തിൽ കൊല്ലപ്പെട്ട മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി അജിത് പവാറിന് രാജ്യത്തിൻറെ ശ്രദ്ധാഞ്ജലി. അപകടം AAIB അന്വേഷിക്കും.

   The nation's tributes to Maharashtra Deputy Chief Minister Ajit Pawar, who was killed in a plane crash. The accident will be investigated by the AAIB.

3. യുവാക്കൾ രാഷ്ട്രത്തിന് പ്രഥമ പരിഗണന നൽകുന്ന തരത്തിൽ ധൈര്യവും പ്രതിബദ്ധതയും പ്രകടിപ്പിക്കുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   Prime Minister Narendra Modi says that the youth are showing courage and commitment by putting the nation-first.

4. ലോകം കൂട്ടായി പ്രതിരോധിച്ചാൽ മാത്രമേ കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കാനാകൂ എന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ്.

**Union Minister Jitendra Singh says that the problems caused by climate change can be solved only if the world fights together.**

5. **നടപ്പ് സാമ്പത്തിക വർഷത്തേയ്ക്കുള്ള കേരള ബജറ്റ് ധനമന്ത്രി കെ.എൻ ബാലഗോപാൽ നാളെ നിയമസഭയിൽ അവതരിപ്പിക്കും.**

**Finance Minister K.N. Balagopal will present the Kerala Budget for the current financial year in the Assembly tomorrow.**

6. **ന്യൂസിലാൻറിനെതിരായ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ഫീൽഡിംഗ് തിരഞ്ഞെടുത്തു.**

**India won the toss and elected to field in the fourth match of the Twenty20 cricket series against New Zealand.**

❁❁❁❁❁❁❁❁❁❁❁❁❁

## PREZ PARL ADDRESS (INTRO)

സാമൂഹ്യ നീതി ഉറപ്പാക്കാനുള്ള സർക്കാർ ശ്രമങ്ങളുടെ ഫലമായി കഴിഞ്ഞ ദശകത്തിൽ രാജ്യത്ത് 25 കോടി പൗരന്മാർ ദാരിദ്ര്യത്തിൽ നിന്ന് മുക്തരായതായി രാഷ്ട്രപതി ദ്രൗപതി മുർമു. സബ്കാ സാത്ത്, സബ്കാ വികാസ് എന്ന ദർശനം ജനജീവിതം മെച്ചപ്പെടുത്തിയതായി രാഷ്ട്രപതി പറഞ്ഞു. ബജറ്റ് സമ്മേളനത്തോട് അനുബന്ധിച്ച് പാർലമെന്റിൽ നയപ്രഖ്യാപന പ്രസംഗം നടത്തുകയായിരുന്നു ശ്രീമതി മുർമു.

(ഹോൾഡ് വോയ്സ്)

ഇന്ത്യയ്ക്കെതിരായ ഏതൊരു ഭീകരാക്രമണത്തിനും തക്കതായ മറുപടിയുണ്ടാകുമെന്ന ശക്തമായ സന്ദേശമാണ് ഓപ്പറേഷൻ സിന്ദൂറിലൂടെ രാജ്യം നൽകിയതെന്നും അവർ വ്യക്തമാക്കി. സർക്കാർ നയങ്ങൾ കാരണം കാർഷിക-ഹോർട്ടികൾച്ചറൽ ഉൽപ്പാദനത്തിൽ റെക്കോർഡ് വർദ്ധനവുണ്ടായതായും ഈ ദശകത്തിന്റെ അവസാനത്തോടെ 500 ജിഗാവാട്ട് പുനരുപയോഗ ഊർജ്ജം എന്ന ലക്ഷ്യം ഇന്ത്യ കൈവരിക്കുമെന്നും ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യുകൊണ്ട് രാഷ്ട്രപതി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## PARLIAMENT-BUDGET SESSION

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തോട് അനുബന്ധിച്ച്, സാമ്പത്തിക സർവേ നാളെ സമർപ്പിക്കും. ഫെബ്രുവരി ഒന്നിനാണ് കേന്ദ്ര ബജറ്റ്. ഇന്ന് മുതൽ അടുത്ത മാസം 13 വരെയും, മാർച്ച് 9 മുതൽ ഏപ്രിൽ 2 വരെയും 2 ഘട്ടങ്ങളിലായി 30 ദിവസമാണ് സഭ ചേരുക.

❁❁❁❁❁❁❁❁❁❁❁❁❁

## REV. NEW AJIT PAWAR PLANE CRASH

ഇന്ന് രാവിലെ വിമാനാപകടത്തിൽ കൊല്ലപ്പെട്ട മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി അജിത് പവാറിന് രാജ്യത്തിൻറെ ശ്രദ്ധാഞ്ജലി. മുംബൈയിൽ നിന്ന് തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി ബാരാമതിയിലേക്ക് പോകുന്നതിനിടെ രാവിലെ 8.50-ഓടെയാണ് അപകടം സംഭവിച്ചത്. വിമാനം ബാരാമതി വിമാനത്താവളത്തിൽ ഇടിച്ചിറങ്ങുകയായിരുന്നു. വിമാനത്തിലുണ്ടായിരുന്ന അഞ്ചു പേരും അപകടത്തിൽ കൊല്ലപ്പെട്ടതായി പോലീസ് സ്ഥിരീകരിച്ചു. മഹാരാഷ്ട്ര രാഷ്ട്രീയത്തിൽ പ്രബല സ്ഥാനമുള്ള അജിത് പവാർ ഏഴ് തവണ ബാരാമതി നിയമസഭാ മണ്ഡലത്തെ പ്രതിനിധീകരിച്ചിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## PREZ-PM PAWAR

അജിത് പവാറിന്റെ അകാല വിയോഗം നികത്താനാവാത്ത നഷ്ടമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു അനുശോചിച്ചു. ഉപരാഷ്ട്രപതിസി.പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള, പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, കേന്ദ്ര മന്ത്രിമാർ, കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ എന്നിവരും പവാറിന്റെ വിയോഗത്തിൽ ദു:ഖം രേഖപ്പെടുത്തി. പാർലമെൻറിൻറെ ഇരു സഭകളും കേരള നിയമസഭയും അജിത് പവാറിൻറെ നിര്യാണത്തിൽ അനുശോചിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## AJIT PAWAR PLANE CRASH

മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി അജിത് പവാറിന്റെ മരണത്തെത്തുടർന്ന് സംസ്ഥാന സർക്കാർ ഈ മാസം 30 വരെ മൂന്ന് ദിവസത്തെ ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചു. അന്തരിച്ച നേതാവിന്റെ സംസ്കാര ചടങ്ങുകൾ

നാളെ രാവിലെ 11 മണിയോടെ ബാരാമതിയിൽ പൂർണ്ണ ഔദ്യോഗിക ബഹുമതികളോടെ നടക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## REV. PAWAR-AAIB

അജിത് പവാറിന്റെ മരണത്തിനിടയാക്കിയ ബാരാമതി വിമാനാപകടം എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ അന്വേഷിക്കും. AAIB ഡയറക്ടർ ജനറലിന്റെ നേതൃത്തിലുള്ള സംഘം അപകട സ്ഥലം സന്ദർശിക്കുമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## PM-AYUSH

രാജ്യത്തെ ആരോഗ്യ രംഗത്ത് ആയുർവേദ ചികിത്സാ മേഖലയുടെ സംഭാവനകൾ നിസ്തുലമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

കോട്ടയ്ക്കൽ ആര്യ വൈദ്യശാല ചാരിറ്റബിൾ ആശുപത്രിയുടെ ശതാബ്ദി ആഘോഷങ്ങളെ വെർച്വലായി അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. സമഗ്ര ആരോഗ്യ സേവനങ്ങൾ നൽകുന്നതിന് രാജ്യത്തുട നീളം ഏകദേശം 12,000 ആയുഷ് ആരോഗ്യ-ക്ഷേമ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടു ണ്ടെന്ന് ശ്രീ മോദി പറഞ്ഞു. ആര്യ വൈദ്യശാലയുടെ ദീർഘകാല ചികിത്സാ പാരമ്പര്യത്തെ പ്രധാനമന്ത്രി പ്രശംസിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## PARL- RUSSIAN ENVOY

ഇന്ത്യൻ പാർലമെന്ററി സമ്പ്രദായത്തിന്റെ നേട്ടങ്ങൾ രാജ്യത്തിന്റെ ശക്തമായ വികസനത്തെ പ്രതിഫലിപ്പിക്കുന്നുവെന്ന് ന്യൂഡൽഹിയിലെ റഷ്യൻ എംബസിയിലെ ഡെപ്യൂട്ടി ചീഫ് ഓഫ് മിഷൻ റോമൻ ബാബുഷ്കിൻ. അരി ഉൽപ്പാദനം, ഇലക്ട്രിക് വാഹനങ്ങളുടെ കയറ്റുമതി ഉൾപ്പെടെ യുള്ള പ്രധാന വികസന മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിൽ ഇന്ത്യ ആഗോള നേതാവായി മാറിയെന്ന് അദ്ദേഹം പറഞ്ഞു. പാർലമെൻറിൽ രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ നയപ്രഖ്യാപന പ്രസംഗത്തിനു ശേഷം പ്രതികരിക്കുകയായിരുന്നു ബാബുഷ്കിൻ.

☸☸☸☸☸☸☸☸☸☸☸☸☸

## INDIA - SAUDI ARABIA

ഇന്ത്യ-സൗദി അറേബ്യ സെക്യൂരിറ്റി വർക്കിംഗ് ഗ്രൂപ്പിന്റെ മൂന്നാമത് യോഗം റിയാദിൽ നടന്നു. ഇരുരാജ്യങ്ങളും തമ്മിലുള്ള സുരക്ഷാ സഹകരണം യോഗത്തിൽ സമഗ്രമായി അവലോകനം ചെയ്തു. ആഗോളതലത്തിലും അതത് മേഖലകളിലും ഭീകര സംഘടനകൾ ഉയർത്തുന്ന ഭീഷണികളെക്കുറിച്ചും യോഗം ചർച്ച ചെയ്തു. അതിർത്തി കടന്നുള്ള ഭീകരവാദത്തെ അപലപിച്ച ഇന്ത്യയും സൗദിയും ഭീകരവാദത്തിനെതിരായ പ്രവർത്തനങ്ങളിൽ സഹകരണം വർധിപ്പിക്കാനും തീരുമാനിച്ചു.

## PM NCC - (INTRO)

യുവാക്കൾ രാഷ്ട്രത്തിന് പ്രഥമ പരിഗണന നൽകുന്ന തരത്തിൽ ധൈര്യവും പ്രതിബദ്ധതയും പ്രകടിപ്പിക്കുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിലെ കരിയപ്പ പരേഡ് ഗ്രൗണ്ടിൽ നടന്ന വാർഷിക NCC PM റാലിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യയിലെ യുവാക്കളെ ആത്മവിശ്വാസമുള്ളവരും, അച്ചടക്കമുള്ളവരും, സംവേദന ക്ഷമതയുള്ളവരുമായ പൗരന്മാരാക്കുന്ന പ്രസ്ഥാനമാണ് NCC എന്ന് ശ്രീ മോദി പറഞ്ഞു. 898 പെൺകുട്ടികൾ ഉൾപ്പെടെ 2,406 കേഡറ്റുകൾ റാലിയിൽ പങ്കെടുത്തു. ഒരു മാസം നീണ്ടുനിന്ന എൻസിസി റിപ്പബ്ലിക് ദിന ക്യാമ്പിന് പരിസമാപ്തി കുറിച്ചാണ് എൻസിസി പിഎം റാലി സംഘടിപ്പിച്ചത്.

....വോയിസ്.....

## JITENDRA SINGH-CONCLAVE

ലോകം കൂട്ടായി പ്രതിരോധിച്ചാൽ മാത്രമേ കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കാനാകൂ എന്ന് കേന്ദ്ര ശാസ്ത്ര സാങ്കേതിക സഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗ് പറഞ്ഞു. ന്യൂഡൽഹിയിൽ ടെക്നോളജി ആൻഡ് ഇന്നൊവേഷൻ കോൺക്ലേവ് 2.0 ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ശാസ്ത്ര സാങ്കേതിക മന്ത്രാലയവും ഐക്യരാഷ്ട്രസഭയുടെ ഏഷ്യൻ ആൻഡ് പസഫിക് സെന്റർ ഫോർ ട്രാൻസ്ഫർ ഓഫ് ടെക്നോളജിയും സംയുക്തമായാണ് മൂന്ന് ദിവസത്തെ കോൺക്ലേവ് സംഘടിപ്പിക്കുന്നത്. കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിൽ നിർമ്മിത ബുദ്ധി ഉപയോഗിക്കുന്നതിനെക്കുറിച്ചുള്ള

ചർച്ചകൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം.

## ASSEMBLY

തിരുവനന്തപുരം വിളപ്പിൽശാല ആശുപത്രിയിൽ ചികിത്സ കിട്ടാതെ രോഗി മരിച്ചെന്ന ആരോപണത്തിൽ പ്രതിപക്ഷത്തിൻറെ അടിയന്തര പ്രമേയത്തിന്മേൽ കേരള നിയമസഭയിൽ ചർച്ച നടന്നു. പി സി വിഷ്ണുനാഥ് ആണ് അടിയന്തര പ്രമേയ നോട്ടീസ് നൽകിയത്. ചികിത്സാപ്പിഴവ് മൂലം രോഗികൾ മരിക്കുന്ന സംഭവം സംസ്ഥാനത്ത് വർധിച്ചു വരുന്നതായി പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. എന്നാൽ, ബിസ്മീറിന് സാധ്യമായ എല്ലാ ചികിത്സയും നൽകിയെന്നും പരാതിയിന്മേൽ അന്വേഷണം ആരംഭിച്ചതായും മന്ത്രി വീണാ ജോർജ് പറഞ്ഞു.

## ASSEMBLY BUDGET

ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ചർച്ച നിയമസഭയിൽ ഇന്നും തുടർന്നു. സംസ്ഥാനത്ത് വിലക്കയറ്റം നിയന്ത്രിക്കാൻ സർക്കാർ ഫലപ്രദമായ ഇടപെടലാണ് നടത്തുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. 2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന ബജറ്റ് ധനമന്ത്രി കെ.എൻ ബാലഗോപാൽ നാളെ സഭയിൽ അവതരിപ്പിക്കും.

## GOVERNOR - KOTTTAKKKAL ARYA VAIDYASALA

ആയുർവേദവും അലോപ്പതിയും ഒന്നിച്ചു മുന്നേറിയാൽ അത്ഭുതങ്ങൾ സംഭവിക്കുമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. കോട്ടയ്ക്കൽ ആര്യ വൈദ്യശാല ചാരിറ്റബിൾ ആശുപത്രിയുടെ ശതാബ്ദി ആഘോഷ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മാനവികതയാണ് കോട്ടയ്ക്കൽ ആര്യവൈദ്യശാലയുടെ ശക്തിയെന്നും ആയുർവേദ രംഗത്ത് ഗവേഷണം ശക്തമാക്കണമെന്നും ശ്രീ ആർലേക്കർ വ്യക്തമാക്കി.

## KELKAR

വിദേശത്ത് ജനിച്ച ഇന്ത്യക്കാർക്ക് വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനായി ഓഫ് ലൈനായി B.L.O വഴിയോ E.R.O വഴിയോ അപേക്ഷിക്കാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. നേരത്തെ ഫോം 6-ലോ ഫോം 6A-യിലോ അപേക്ഷിക്കാൻ സാധിച്ചിരുന്നില്ല. ഈ സംവിധാനം വഴി ഒരു ലക്ഷത്തി 37,162 പ്രവാസികൾ അപേക്ഷ നൽകിയതായും ശ്രീ കേൽക്കർ അറിയിച്ചു.

## IND-NZ CRICKET

ന്യൂസിലാൻറിനെതിരായ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ഫീൽഡിംഗ് തിരഞ്ഞെടുത്തു. വിശാഖപട്ടണത്താണ് മത്സരം. അഞ്ച് കളികളുടെ പരമ്പരയിൽ ഇന്ത്യ 3-0 ത്തിന് മുന്നിലാണ്.

## SABARIMALA - GOLD

ശബരിമല സ്വർണ അപഹരണ കേസിൽ തന്ത്രി കണ്ഠര് രാജീവരുടെ ജാമ്യഹർജി പരിഗണിക്കുന്നത് തിങ്കളാഴ്ചത്തേക്ക് മാറ്റി. കൊല്ലം വിജിലൻസ് കോടതിയാണ് ജാമ്യഹർജി പരിഗണിക്കുക.

## PIB FACTCHECK- INVESTMENT

ദിവസേന വരുമാനം വാഗ്ദാനം ചെയ്യുന്ന നിക്ഷേപ പദ്ധതികളെ രാഷ്ട്രപതി ദ്രൗപതി മുർമു പ്രോത്സാഹിപ്പിക്കുന്നുവെന്ന തരത്തിൽ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വിവരങ്ങൾ അടിസ്ഥാന രഹിതമെന്ന് കേന്ദ്രസർക്കാർ. പ്രചരിക്കുന്ന ദൃശ്യങ്ങൾ നിർമ്മിതബുദ്ധി ഉപയോഗിച്ച് നിർമ്മിച്ചവയാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു. ഇത്തരമൊരു പദ്ധതിക്കും സർക്കാർ അംഗീകാരം നൽകിയിട്ടില്ലെന്നും അധികൃതർ വ്യക്തമാക്കി.